# പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1520.

19-01-2021 ൽ മറുപടിയ്ക്ക്

## കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. വി. കെ. സി. മമ്മത് കോയ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ വന്നതിനു ശേഷം നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നല്കാമോ; | (എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതി 1.96 ലക്ഷം ഹെക്ടർ ആയിരുന്നു. സർക്കാരിന്റെ ചിട്ടയായ പ്രവർത്തന ശൈലിയുടെ ഭാഗമായി നെൽകൃഷിയുടെ വിസ്തൃതി 2.31 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് ഈ സർക്കാരിന്റെ കാലയളവിൽ 2017-18-ൽ 220449 ഹെക്ടർ വരെ വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായി നഷ്ടപ്പെട്ടിട്ടും 2018-19 വർഷത്തിൽ 202985 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലനിർത്താൻ സാധിച്ചു. 2019-20 വർഷത്തിൽ 230941 ഹെക്ടർ നെൽകൃഷി ഇറക്കിയിട്ടുണ്ട്. 32761.61 ഹെക്ടർ നെൽകൃഷി പ്രകൃതി ക്ഷോഭത്താൽ നഷ്ടപ്പെട്ടിരുന്നു. **നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി** പ്രകാരം 2016-17 മുതൽ നടപ്പിലാക്കിയ വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം **അനുബന്ധ**മായി ചേർക്കുന്നു. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നികത്തിയതും മറ്റാവശ്യങ്ങൾക്ക് പതിച്ചു കൊടുക്കാൻ തീരുമാനിച്ചതും പതിച്ചു കൊടുത്തതുമായ കൃഷിഭൂമി ഈ സർക്കാർ വന്നതിനുശേഷം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നല്കാമോ; | (ബി) ഉണ്ട്. മറ്റാവശ്യങ്ങൾക്കായി തരിശിട്ടിരുന്ന നെൽവയലുകൾ തരിശു കൃഷിയിലൂടെ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ **കമരകം മെത്രാൻ കായൽ, ആറന്മുള പാടശേഖര പ്രദേശം** എന്നിവ ഇത്തരത്തിൽ വീണ്ടെടുത്ത് കൃഷി പുനരാരംഭിക്കാൻ കൃഷി വകുപ്പിന്റെ ഇടപെടൽ മുഖാന്തിരം സാധിച്ചു. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ വന്നതിനുശേഷം പച്ചക്കറി കൃഷി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ഈ സർക്കാർ വന്നതിനുശേഷം പച്ചക്കറി കൃഷി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് **സമഗ്ര പച്ചക്കറി വികസന പദ്ധതി.** ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പച്ചക്കറിയുടെ ഉൽപ്പാദനം 6.28 മെട്രിക് ടൺ ആയിരുന്നത് 2019-20-ൽ 14.9 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ സർക്കാർ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനായി 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന **ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം** എന്ന പുതിയ പദ്ധതി പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ബഹു കേരള മുഖ്യമന്ത്രിയുടെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **മഴമറ നിർമ്മാണം.** വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. എല്ലാ കൃഷി ഭവൻ പരിധിയിലും 50 മുതൽ 100 സ്ക്വയർ മീറ്റർ വരെയുള്ള മഴമറകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. 100 സ്ക്വയർ മീറ്റർ മഴമറ നിർമ്മാണത്തിന് ആകെ ചിലവ് വരുന്ന തുകയിൽ 75 ശതമാനം സബ്സിഡിയോട് കൂടി 50000/- രൂപയിൽ |

അധികരിക്കാതെയാണ് കർഷകർക്കു നൽകുന്നത്. മഴമറയുടെ വിസ്തീർണ മനുസരിച്ച് ചതുരശ്ര മീറ്ററിന് ആനുപാതികമായി സഹായം നൽകുന്നു.

ഈ സർക്കാർ വന്നതിനു ശേഷം സംസ്ഥാനത്തെ പച്ചക്കറി ഉല്പദാനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പച്ചക്കറി വികസന പദ്ധതി വഴി നടപ്പിലാക്കുന്ന മുഖ്യ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

- ➢ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം
- ➢ പച്ചക്കറി തൈകളുടെ വിതരണം
- ➢ മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, മാലിന്യസംസ്കരണം
- ➢ സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി
- ➢ പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം
- ➢ ജില്ലാ ക്ലസ്റ്ററുകൾ വികസനം
- ➢ എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം
- ➢ ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകളുടെ വികസനം
- ➢ ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- ➢ ബ്ലോക്ക് തല നഴ്സറികളുടെ വികസനം
- ➢ മഴ മറകൾ സ്ഥാപിക്കൽ
- ➢ സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള വളപ്രയോഗവും
- ➢ തരിശു നില കൃഷി
- ➢ മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം
- ➢ എൻ.ജി.ഒ.കൾ മുഖേന പച്ചക്കറി വിത്ത് വിതരണം
- ➢ വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വകസന പദ്ധതികൾക്കായി ധനസഹായം

**സെക്ഷൻ ഓഫീസർ**

## സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങൾ

- **സുസ്ഥിര നെൽകൃഷി**

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 5500/- രൂപ സബ്സിഡി നിരക്കിൽ നൽകി വരുന്നു.

- **വികസന ഏജൻസികൾക്കുള്ള ഫണ്ട്**

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 10 നെൽകൃഷി വികസന ഏജൻസികൾക്കായി ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

- **പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം**

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

- **പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി**

  പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

- **കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കി .

- **തരിശുനില കൃഷി**

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയും നൽകി വരുന്നു. 2020-21 വർഷത്തിൽ ഒന്നാം വർഷ തരിശു കൃഷിക്ക് സഹായധനം 40000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് .

- **ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി**

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു .

- **പാഠം ഒന്ന് പാടത്തേക്ക്**

യുവതലമുറയെ നെൽക്കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി വിദ്യാഭ്യാസവകുപ്പുമായി സഹകരിച്ച് കൊണ്ട് പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതി 2019 -20 മുതൽ നടപ്പിലാക്കി വരുന്നു .

- **നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി**

നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരം മാറ്റുന്നത് തടയുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ പ്രകാരം നൽകുന്ന ഒരു നൂതന പദ്ധതി 2020-21 വർഷം ആരംഭിച്ചു നടപ്പിലാക്കി വരുന്നു.

- **നെൽകൃഷിക്ക് കുമ്മായം**

മണ്ണിന്റെ അമ്ലത്വം കുറച്ച് നെല്ലിന്റെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കുമ്മായം ചേർക്കുന്നതിന് ഹെക്ടറിന് 5400 രൂപ വീതം സബ്സിഡി നൽകി വരുന്നു.

**ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കി വരുന്നു.**

- **നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഒരു സീസണിൽ ഹെക്ടറിന് 1000 രൂപ നിരക്കിൽ നൽകി വരുന്നു.

- **കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ